വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ ഭാഗമായി സ്കൂളുകളിലെ നിരന്തരമൂല്യ നിർണ്ണയത്തിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

(ബി) ഈ ഭേദഗതികൾ കരിക്കുലം കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

(സി) VIII, IX, X എന്നീ ക്ലാസ്സുകളിലെ വിഷയബന്ധിതമായ നിരന്തരമൂല്യ നിർണ്ണയത്തിലാണ് ഭേദഗതികൾ വരുത്തിയിട്ടുള്ളത്. VIII, IX ക്ലാസ്സുകളിൽ നിരന്തര മൂല്യനിർണ്ണയം ഓരോ ടേമിന്റെയും അന്ത്യത്തിൽ ക്രോഡീകരിക്കുന്നതിനുപകരം വാർഷികമായി ക്രോഡീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. X-ാം ക്ലാസ്സിലെ നിരന്തരമൂല്യനിർണ്ണയ ഇനങ്ങളിലും ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയ ഇനങ്ങളായ പ്രോജക്ടുകൾ, അസൈൻമെന്റുകൾ, പ്രാക്ടിക്കൽ, സെമിനാർ, കളക്ഷൻ, റിക്കാർഡ്, ക്ലാസ് ടെസ്റ്റ് എന്നിവയിൽ ഓരോ പേപ്പറുമായി ബന്ധപ്പെടുത്തി 3 ഇനങ്ങൾ വീതം നിർവ്വഹിച്ചാൽ മതി.

(ഡി) 2005-2006 അദ്ധ്യയന വർഷം മുതൽ ഈ മാറ്റങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെടുത്തി എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഹെഡ് മാസ്റ്റർമാർക്കും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എഡ്യൂസാറ്റ് വഴിയും ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

8, 9 ക്ലാസ്സുകളിൽ പ്രൊമോഷന് എല്ലാ പേപ്പറുകൾക്കും ഡി+ ഗ്രേഡ് ഉണ്ടാകണമെന്ന് നിർദ്ദേശം

*6 [428] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

„ പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8, 9 ക്ലാസ്സുകളിൽ പ്രൊമോഷന് നിലവിലുണ്ടായിരുന്ന ലിമിറ്റഡ് ഡീറ്റൻഷൻ സമ്പ്രദായത്തിൽ മാറ്റംവരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് മാറ്റമാണ് വരുത്തിയിട്ടുള്ളത്;

(ബി) ഈ ക്ലാസ്സുകളിൽ പ്രൊമോഷന് എല്ലാ പേപ്പറുകൾക്കും ഡി+ ഗ്രേഡ് ഉണ്ടാകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകലിന് ഇടയാകും എന്നതിനാൽ ഇത്തരത്തിലുള്ള നീക്കം അവസാനിപ്പിക്കുന്നതിന് തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉന്നത പഠനത്തിന് എസ്.എസ്.എൽ.സി.ക്ക് എല്ലാ പേപ്പറുകൾക്കും ഡി+ ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എല്ലാ പേപ്പറുകൾക്കും എന്നതിനുപകരം എല്ലാ വിഷയത്തിനും എന്ന നിലയിൽ ഇത് ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) മാറ്റം വരുത്തിയിട്ടില്ല.

(ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇത് സംബന്ധിച്ച് നിലവിലുള്ള സമ്പ്രദായത്തിൽ തൽക്കാലം മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

ഹിൽ ഹൈവേ

*7 [429] *ശ്രീ. സി. കെ. നാണു:*

„ കെ. പി. മോഹനൻ:

„ എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഹിൽ ഹൈവേ' എന്നപേരിൽ സംസ്ഥാനത്തിന്റെ വടക്കേ അതിർത്തിയിൽനിന്നും തെക്കേ അതിർത്തിവരെയായി നീണ്ടുകിടക്കുന്ന റോഡ് നിർമ്മിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ റോഡിന്റെ ഫൈനൽ അലൈൻമെന്റ് നിശ്ചയിച്ചുകഴിഞ്ഞുവോ;

(ഡി) ഏതെല്ലാം ജില്ലാ തലസ്ഥാനങ്ങളുമായാണ് ഈ റോഡ് ബന്ധപ്പെടുന്നതെന്ന് വെളിപ്പെടുത്താമോ?

മരാമത്ത് വകുപ്പുമന്ത്രി *(ഡോ. എം. കെ. മുനീർ):*

(എ) ഇങ്ങനെ ഒരു റോഡ് നിർമ്മിക്കുവാൻ ഒരു ഉത്തരവുള്ളതായി അറിയില്ല. 1977-ൽ ഹിൽ ഹൈവേ സംസ്ഥാനപാതയായി പ്രഖ്യാപിച്ചിരുന്നു. ആ ഉത്തരവിൽ റോഡ് കടന്നുപോകുന്ന പ്രധാന സ്ഥലങ്ങളെ സംബന്ധിച്ച് വിവിധ പ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly